പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2656. 19.07.2011 ന് മറുപടിക്ക്

## പെൻഷൻ ഏകീകരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എം.പി.വിൻസെന്റ്,<br>ശ്രീ.എം.എ.വാഹിദ്,<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വർക്കല കഹാർ | ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി |
| എ. | മുൻ സർക്കാർ നടപ്പിലാക്കിയ പെൻഷൻ ഏകീകരണം പിൻവലിക്കുമോ; | ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| ബി | പെൻഷൻ ഏകീകരണവുമായി ബന്ധപ്പെട്ട് അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ടോ; | പെൻഷൻ ഏകീകരണവുമായി ബന്ധപ്പെട്ട് അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്.<br>55 വയസ്സുകഴിഞ്ഞ് മാർച്ച് 31 വരെ സർവ്വീസിൽ തുടരുന്ന ജീവനക്കാരന്റെ അധികസർവ്വീസ് കാലയളവ് പ്രൊമോഷൻ, ഇൻക്രിമെന്റ്, പേ റിവിഷൻ, പെൻഷൻ, ലീവ് തുടങ്ങിയ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതുകൊണ്ട് അധിക ബാദ്ധ്യത ഉണ്ടാകും |
| സി | കേരള സെക്രട്ടേറിയറ്റ് സർവ്വീസിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; വിശദമാക്കുമോ; | അസിസ്റ്റന്റുമാരുടെ നിയമനം പ്രതിപാദിക്കുന്ന സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ നിലവിലുണ്ട്.<br>ജി.ഒ.(പി) നം.208 തീയതി 5.7.1967 |
| ഡി | സെക്രട്ടേറിയറ്റിൽ ജോലിഭാരമുള്ള വകുപ്പുകളിൽ പുതിയ സെക്ഷനുകൾ രൂപീകരിച്ച് പരിഹാരം കാണുമോ: | ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നിർദ്ദേശം ലഭിക്കുകയാണെങ്കിൽ അവ പരിശോധിച്ച് ഉചിതമായ നടപടി എടുക്കുന്നതാണ്. |
| ഇ | എല്ലാ സർക്കാർ ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | എല്ലാ സർക്കാർ ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ ലഭ്യമാക്കാൻ, സർക്കാരിന്റെ നൂറുദിന കർമ്മപരിപാടി പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ